**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2937** **25-06-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ വന്യമൃഗ സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗ ആക്രമണം മൂലം ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ ചികിത്സാ ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.17/2018/വനം, തീയതി 05.04.2018 പ്രകാരം നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് ചികിത്സക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെ നൽകി വരുന്നുണ്ട്. ടി ഉത്തരവ് പ്രകാരം, പരിക്ക് പറ്റുന്ന പട്ടിക വർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവാകുന്ന മുഴുവൻ തുകയും അനുവദിച്ചു നൽകുന്നുണ്ട്. |
| (ബി) | പീരുമേട് മണ്ഡലത്തിൽ കാട്ടുപോത്തിന്റെ ആക്രമണം മൂലം ആശുപത്രിയിലായ ശ്രീ. രാജീവിന്റെ ചികിത്സക്കായി ചെലവായ മുഴുവൻ തുകയും നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പീരുമേട് മണ്ഡലത്തിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ പരിക്ക് പറ്റിയ ശ്രീ.രാജീവന്റെ ചികിത്സാ ചെലവിലേക്ക് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകാവുന്ന പരമാവധി തുകയായ ഒരു ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണത്തെ “സംസ്ഥാന സവിശേഷ ദുരന്തമായി” പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ബാക്കി വരുന്ന ടിയാന്റെ ചികിത്സാ ചെലവ് ഇടുക്കി ജില്ലാ കളക്ടറുടെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഇക്കാര്യത്തിൽ ദുരന്തനിവാരണ വകുപ്പിന് നൽകുവാൻ കഴിയുന്ന തുക എത്രയാണെന്നതു സംബന്ധിച്ച വിശദാംശം നൽകുവാൻ ആ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ